# little Creations

B C G H S Kunnamkulam



# ആശംസ

പൊതു വിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിന്റെ ഭാഗമായി ഈ വർഷം ആരംഭിച്ച ലിറ്റിൽകൈറ്റ്സ് പദ്ധതിയിൽ അംഗങ്ങളായ വിദ്യാർത്ഥികൾക്ക് സാങ്കേതികരംഗത്തെ വിവിധ മേഖലകളിലുള്ള നൈപുണികളിലൂടെ കടന്നുപോകാനുള്ള അവസരങ്ങൾ ലഭിക്കുകയുണ്ടായി. സാങ്കേതികവിദ്യയോടുള്ള പുതുതലമുറയുടെ ആഭിമുഖ്യം ഗുണപരമായും സർഗാത്മകമായും പ്രയോജനപ്പെടുത്താൻ ഇതു കൊണ്ട് സാധിച്ചു. ബി.സി.ജി.എച്ച്.എസിലെ ലിറ്റിൽ കൈറ്റ്സ് യൂണിറ്റ് അംഗങ്ങൾ ഇതിന്റെ ഭാഗമായി നിർമ്മിച്ച ഈ ഡിജിറ്റൽ മാഗസിന് എന്റെ എല്ലാവിധ ആശംസകളും അറിയിക്കുന്നു.

ഹെഡ്മിസ്ട്രസ്
സിസ്റ്റർ ചൈതന്യ
എസ്.ഐ.സി



# Editorial board

## Little kites unit members



**Kite mistresses:-**

*Sr. Maria Rani*
*Smt. Asha Daniel*

**Members:-**

Devika K B
Devika T D
Jinu P Manoj
Sneha K A
Sona C Suneesh
Fidha A S
Nidha A M
Lena Linoy
Jani N R
Adhithya K N
Alanta Mary E A
Amanta Mary E A
Rena T R
Aleena Jo Appu
Gayathri N S
Dincy A E
Arya K P
Adithya K A
Alina Kuriakose
Ann mariya B
Arya P R
Niveditha C A
Sandra T S
Sameera Maria

# Index


| Sl.no | | Page no |
|---|---|---|
| 1 | റോഡിലെ വാഴ | 6 |
| 2 | പദപരിചയം | 7-9 |
| 3 | വിദ്യാലയം | 10 |
| 4 | പുലരി | 11 |
| 5 | കുട്ടിക്കാലം | 12 |
| 6 | അന്നൊരു രാത്രിയിൽ | 13 |
| 7 | ഒരു വെള്ളപ്പൊക്കകെടുതിയിൽ ഞാൻ | 14-15 |
| 8 | മലിനമായ ഭൂമി | 16 |
| 9 | അമ്മയുടെ ദുഃഖം | 17-18 |
| 10 | തിരിഞ്ഞുനോട്ടം | 19-20 |
| 11 | മഴ | 21 |
| 12 | സൗഹൃദം | 22 |
| 13 | പ്രപഞ്ചസത്യം | 23 |
| 14 | ലോകം | 24-25 |
| 15 | എന്റെ മുത്തച്ഛൻ | 26-27 |
| 16 | അമ്മയുടെ സ്നേഹം | 28-31 |
| 17 | ആ നിമിഷം | 32-33 |

| | | |
|---|---|---|
| 18 | മഴവെള്ളസംഭരണത്തിന്റെ പ്രാധാന്യം | 34-35 |
| 19 | ഫാസിസം | 34-37 |
| 20 | കടംകഥകൾ | 38 |
| 21 | പഴഞ്ചൊല്ലുകൾ | 39 |
| 22 | How emotions harm your body | 40 |
| 23 | Egg nutrition value | 41 |
| 24 | Natural treatments | 42 |
| 25 | About your tongue | 43 |
| 26 | Endangered animals and birds | 44 |
| 27 | If you care your health | 45 |
| 28 | Wisdom- an unique feature | 46-47 |
| 29 | Extended hands of students in the time of flood | 48 |

# റോഡിലെ വാഴ

അത്യാസന്നനിലയിൽ കിടക്കുന്നൊരു
രോഗിയെയും കൊണ്ടുപാഞ്ഞു വരുന്ന കാർ
റോഡിലെ കുഴിയിൽ പൊന്തിനിൽക്കുന്നൊരാ-
വാഴയെക്കണ്ട് അമ്പരക്കുന്നു
നടുറോട്ടിലാണോ വാഴയെന്നവൻ
ഒരു നിമിഷത്തേക്ക് ചിന്തിച്ചുപോയി
അതാ വരുന്നു വാഴയും കൊണ്ട്
കൊടിപിടിച്ചൊരു പ്രതിഷേധപാർട്ടി
അതിനിടയിൽ റോഡിൻ നടുവിൽ കിടന്ന്
പിടയുന്നൊരു ജീവനാർക്കും വേണ്ട
വാക്കേറ്റമായി കയ്യാങ്കളിയായി
അവസാനമെല്ലാരും അഡ്മിറ്റുമായി
അതിനിടയിൽ പൊലിഞ്ഞു പോയൊരു ജീവൻ
കാറിൽ കിടന്ന് ജീർണിച്ചുപോയി
എന്താണവസ്ഥ റോഡിന്റെയവസ്ഥ
ദൈവത്തിന്റെ സ്വന്തം നാടിന്റെ അവസ്ഥ



-ആത്മജ കെ എ

9 എ

# പദപരിചയം

## (ഉത്തരങ്ങൾ ഇംഗ്ലീഷിൽ)

| | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|
| 1 | 2 | | | | | | | | 3 | 4 |
| 5 | | | | | | ■ | 6 | | | |
| 7 | | | | | | | | ■ | | |
| 8 | | | | 9 | ■ | 10 | | | | |
| ■ | | ■ | 11 | | | | | | | |
| 12 | | | | | | 13 | | ■ | | |
| | 14 | | 15 | | | | 16 | ■ | | |
| 17 | | | | | ■ | 18 | | | ■ | |
| | 19 | 20 | | | ■ | 21 | | | 22 | |
| | ■ | | ■ | ■ | 23 | | ■ | ■ | | ■ |
| 24 | | | | | | | | | | |

<u>വലത്തോട്ട്</u>:-

1) രക്തത്തിന് ചുവപ്പ് നിറം നൽകുന്ന വസ്തു (11)

5) പഴങ്ങളുടെ ഗന്ധം നൽകുന്ന രാസവസ്തുക്കൾ (6)

6) കേരളത്തിലെ വിദ്യാലയങ്ങളിലെ ഉച്ചഭക്ഷണത്തിന് നിലനിന്നിരുന്ന അമേരിക്കൻ പദ്ധതി (4)

7) രണ്ടാം ലോകമഹായുദ്ധത്തിൽ ഹിരോഷിമയിലും നാഗസാഗിയിലും അമേരിക്ക പ്രയോഗിച്ച ആയുധം (8)

8) Birth-ന്റെ വിപരീതം (5)

10) ഇന്ത്യയുടെ ആദ്യത്തെ പരീക്ഷണ ഭൂസ്ഥിര ഉപഗ്രഹം (5)

11) ആദ്യമായി ഭൂമിയെ വലംവച്ച നാവികൻ (8)

12) അമേരിക്ക കണ്ടുപിടിച്ചതാര് (8)

14) പാമ്പുകളില്ലാത്ത രാജ്യം (7)

18) നേതാജി രൂപവത്ക്കരിച്ച സേന (3)

19) ഇരിപ്പിടം (4)

21) ലവണങ്ങൾ (5)

23) ഒരു നിഷേധാർത്ഥ ശബ്ദം (2)

24) ഡൈനാമിറ്റ് കണ്ടുപിടിച്ചതാര് (11)

<u>താഴോട്ട്</u>:-

1) മേധാവി (4)

2) ചൊവ്വയ്ക്കും വ്യാഴത്തിനും ഇടയ്ക്കുള്ള ചിന്നഗ്രഹങ്ങൾ (9)

3) Dublin ഏതു രാജ്യത്തിന്റെ തലസ്ഥാനമാണ് (7)

4) മാംസഭുക്കായ ഒരു ചെടി (9)

9) ഷേക്സ്പിയറുടെ ഒരു പ്രശസ്ത നാടകം (6)

12) നൂൽ നൂൽക്കുന്ന യന്ത്രം (6)

13) പൂർണയോജിപ്പ് (6)

16) ജനിതകഘടകങ്ങൾ ഇവിടെ ഉൾക്കൊള്ളുന്നു (3)

15) കാലഘട്ടം (3)

20) കുട്ടിച്ചാത്തൻ (3)

22) ഇംഗ്ലീഷ് വ്യാകരണത്തിലെ ഒരു 'Article' (3)

ബിസ്മ എം വി

8 ബി

# വിദ്യാലയം

ആദ്യാക്ഷരങ്ങൾ ചൊല്ലിതന്നൊരു
അമ്മയാണെൻ വിദ്യാലയം
നേർവഴിയെന്നും കാട്ടിതരുന്നൊരു
അച്ഛനാണെൻ വിദ്യാലയം
കളിയും ചിരിയും പറഞ്ഞുരസിക്കുന്ന
സഹപാഠിയുള്ളൊരു വിദ്യാലയം
ശരിയും തെറ്റും പറഞ്ഞു തരുന്ന
അധ്യാപകരുള്ളൊരു വിദ്യാലയം
സന്തോഷം വന്നാലും സങ്കടം വന്നാലു
ഒപ്പം നിൽക്കുന്ന വിദ്യാലയം
മുത്തശ്ശിമാവിന്റെ ചോട്ടിലെ ഓർമകൾ
പങ്കുവയ്ക്കുന്നൊരു വിദ്യാലയമ
കണ്ണീർ പൊഴിക്കുന്ന നേരങ്ങളിൽ
എന്റെ കണ്ണിരൊപ്പുന്ന വിദ്യാലയം
നല്ല ശീലങ്ങൾ ഉപദേശിക്കുന്ന
നന്മ നിറഞ്ഞൊരു വിദ്യാലയം
എന്റെ ജീവനായ് കാണുന്ന വിദ്യാലയം
എന്റെ വിദ്യാലയം... എന്റെ വിദ്യാലയം...




- ആര്യ പി ആർ
9 ഇ



# പൂലരി

പുലരിതൻ വരവിനായ്
കാത്തു നിന്നന്നു ഞാൻ
പുഴകളും കിളികളും
പാടും തൻഗീതങ്ങൾ
മയിലുകൾ നൃത്തമാടി
കുയിലുകൾ പാട്ടുപാടി
തൻ ആഘോഷപൂരിതമാം
സന്തോഷം നിറയ്ക്കട്ടെ
പുലരി വന്നെത്തി വന്നെത്തിയെ-
ന്നാരോ ചൊല്ലുന്നിതാ
ദൂരെ കിഴക്കൻ ചക്രവാളത്തിൽ

- സ്നേഹ സതീഷ്
9 ഇ

# കുട്ടിക്കാലം

കൂട്ടുകാരുമൊത്ത് ഓടിക്കളിച്ച കാലം

കഥകൾ പറഞ്ഞും പാട്ടുപാടിയും രസിച്ച കാലം

ഓടിയും ചാടിയും വീണും നടന്ന കാലം

അമ്മ പറഞ്ഞതനുസരിച്ച കാലം

അമ്മ കാണാതെ മഴയത്തു കളിച്ച കാലം

എന്തൊരു രസമെൻ കുട്ടിക്കാലം

ഓടി മറഞ്ഞെൻ കുട്ടിക്കാലം

-റെന പി രെജു

8 ബി



# അന്നൊരു രാത്രിയിൽ

ഇരമ്പലിൻ ശബ്ദം കേട്ടു ഞാന-
ന്നു രാവിൽ ഉറക്കമൊഴിഞ്ഞിരുന്നവേ
അതാ ദൂരെ എങ്ങോ നിന്ന്
നിലവിളികൾ ഉയർന്നു കേൾക്കവേ
എന്റെ സ്വപ്നത്തെ തകർത്തെറിയാൻ
ആർത്തിതലമ്പി വരുന്നു ജലപ്രവാഹം
ഭയന്നു വിറച്ചു നിന്നു ഞാനന്നേരം
എന്നെ രക്ഷിക്കൂ... രക്ഷിക്കൂ എന്നലറി
ആരും വന്നില്ലെന്നെ രക്ഷിപ്പാൻ
ദൈവം മാത്രമാഭയമായ് അന്നേരം
കൈകൾകൂപ്പി തിരുമുൻപിൽ നിൽക്കവേ
രണ്ടു പേർ ചൊല്ലി ആരെങ്കിലുമുണ്ടോയെന്ന്
അപ്പോൾ എൻ ഹൃദയത്തിൻ ഉൾ-
അറയിൽ പൊട്ടിപ്പുറപ്പെട്ടു
പ്രതീക്ഷതൻ നാമ്പുകൾ

- ആര്യ പി ആർ
9 ഇ

# ഒരു വെള്ളപ്പൊക്കക്കെടുതിയിൽ ഞാൻ......

അന്നൊരു കന്നിമാസത്തിൻ പുലരിയിൽ
വീണുടഞ്ഞത്താഴികക്കുടം പോലെ കണ്ണുനീർ-
മുട്ടുകൾ പൊഴിഞ്ഞുവീണീടവേ...
ആളുകൾ അങ്ങുമിങ്ങുമോടിയണയവേ...
ആരോരുമില്ലാ...
ആ വിജനമാം വെള്ളക്കെട്ടിൽ
മല മുകളിൽ കീഴിൽ തൻ
കുടിലുകൾ ഉരുൾപ്പൊട്ടലാൽ വീണീടുന്നു
പാവമാം ആ കുടിലിൽ തൻ ആളുകൾ
ഭൂമിതൻ മണ്ണിൽ ജീവിതം ഒടുങ്ങീടുന്നു.

മഴതൻ ശക്തി കൂടിയണയവേ
കാറ്റിൻ ആരവം ഉയർന്നീടവേ
ആളുകൾ തൻ നിർവൃതി അങ്ങുമി-
ങ്ങുമായ് കെട്ടീട്ടുന്നു.

വെള്ളമുയരുന്നു അരക്കെട്ടും കവിഞ്ഞൊഴു-
കുന്നു വെള്ളത്തിൽ തന്നെ
അനേകം ജീവൻ ഈ
ലോകം വിട്ടേ ദൂരെ ഏതോ
ഒരു വിജനമാം ദേശത്തു പോയീടുന്നു.

കണ്ണിൽ കണ്ണുനീർ വറ്റി
കണ്ണുനീർ ഇല്ലാത്തൊരു
കണ്ണുനീർ ചാലുകൾ മാത്രമായി
ആരോരുമില്ലാ നിസഹായ-
വസ്ഥയിൽ ഞാൻ അലഞ്ഞീടുന്നു.

പ്രാതസന്ധ്യ വന്നു ഉദയം ചെയ്യ-
വ്വേ ! ജീവിതത്തിൻ താക്കോലുകൾ
ഓരോന്നും അവിടെവിടെയായ്
കൊഴിഞ്ഞീടുന്നു......
എല്ലാ ജനങ്ങളും ഹൃദയസ്പൃക്കമാം
സാത്മ്യം വഹിച്ചീടുന്നു
നാമൊന്ന് ചിന്തയായ്
കൈകൾ തമ്മിൽ കോർത്തീടവേ.



ചോദനയില്ലാ... ആ വെള്ള-
ക്കെടുതിയിൽ
ഞാനുമൊന്നറിയാതെ
പ്രതീക്ഷതൻ ചെറുനാമ്പുകൾ
മനസ്സിലുണർത്തീടവേ...

-നിവേദിത സി എ

9 ഇ

# മലിനമായ ഭൂമി

ഇതാ ഭൂമിക്കുടയ നാശം വരുവാൻ
നമ്മുടെ ബഹുസുന്ദരിയെ നശിപ്പിക്കുവാൻ
നാം തന്നെ നടത്തുന്ന സർവ്വനാശം
നമുക്ക് തന്നെ വിധിച്ചീടുന്നു
ഓർക്കുക വല്ലപ്പോഴുമാ ഇരുണ്ട കൈ
സ്‌പർശനത്താൽ കരയുന്നു
അമ്മയായ് നൈവേദ്യമായ് മുഴങ്ങുന്നു
മനുഷ്യകർമ്മമടങ്ങാതെ വേദനിക്കുന്ന ആ ഹൃദയം
അവൾ തേങ്ങുന്നു കരച്ചിൽ മുഴങ്ങുന്നു
ഓർക്കുക വല്ലപ്പോഴുമാ മലിനമാകുന്ന ഭൂമിയെ
കരങ്ങളാലറ്റ ശിരസ്സായ വൃക്ഷത്തെ
നശിപ്പിക്കാതിരിക്കാൻ കഴിയാത്ത മനുഷ്യരുടെ
പ്രവർത്തിക്കതീതമായ മലിനമായ ഭൂമിയെ



- ദേവിക റ്റി ഡി

9 എ



# അമ്മയുടെ ദുഃഖം

ആദ്യ വിദ്യാലയത്തിൽ നിന്നു തന്റെ പൈതൽ നടന്നു നീങ്ങി

ആഗ്രഹങ്ങൾ ഒന്നുമുതൽ പിച്ചവെച്ചു വന്നിരുന്നു

വരികളായ് നടന്നു നീങ്ങി നിഷ്കളങ്കരാകയാലവൾ

ചീറി വന്നു പേടകം ഇടിച്ചു തന്റെ പൈതലെ

സങ്കടം പൊഴിച്ചു നിന്നു വൃക്ഷാശാഖകൾ

അറ്റു വീണ പൈതലിൻ ചിറകൊടിഞ്ഞു മാഞ്ഞു പോയ്

നോക്കി നിന്ന ജനഗണങ്ങൾ കണ്ണുനീർ പൊഴിച്ചുനിന്നു

ഒന്നായ് തളർന്നുപോയി തന്റെ ഈ ശരീരവും

ആദ്യ കൺമണി നീ എന്നേയും വിട്ടു പോയി

ആഗ്രഹിച്ചു വന്നതാണു നീ കുഞ്ഞുപൈതലേ

എന്റെ ദുഃഖവും സന്തോഷവും എല്ലാമായിരുന്നു നീ

നിനക്കു വേണ്ടി കാത്തുവച്ച മയിൽപീലിയും കരഞ്ഞുപോയി

എങ്കിലും കൺമണി എന്നെ വിട്ടു പോയി നീ

ആരുടെ പിടിയിലാണ് ലോകമെന്നു നോക്കു നീ

ആഗ്രഹങ്ങൾ ഓരോന്നായി പൊഴിഞ്ഞതാണീ നിമിഷം

പൈതലേ കളങ്കമില്ല നിന്റെ കുഞ്ഞു ഹൃദയവും

അമ്മ എന്ന വാക്കിലാണ് ആദ്യം നീ ഉതിർന്നത്

സ്‌നേഹമായിരുന്നു നിന്റെ ത്യാഗവും സഹനവും

തിരുഹൃദയം തന്നിലേക്കെടുത്തെനറിഞ്ഞാലും

നിന്റെ ഓരോ ഓർമകൾ എനിക്ക് കൂട്ടായി നിന്നിതാ

അക്ഷരങ്ങൾ ഓരോന്നായി പൊഴിഞ്ഞതാണീ നിമിഷം

മക്കളെ കരുക്കളാക്കി നീങ്ങിടുന്നിതാ

കളി പറഞ്ഞതും കുസൃതിയും വിട്ടു പോയി എന്നെയും

എങ്കിലും നിൻ ഓർമകൾ എൻ മനസ്സിൽ വിരിഞ്ഞു നിൽപ്പൂ...

- ശ്രേയ സുരേഷ്

9 എ

# തിരിഞ്ഞുനോട്ടം

എനിയ്ക്ക് ജീവിക്കണം

ആരും അന്വേഷിക്കാത്ത, ആരും കുറ്റപ്പെടുത്താത്ത

കോൺക്രീറ്റു പാടങ്ങളില്ലാത്ത വിഷപുകപടലങ്ങളില്ലാത്ത

തെളിനീരൊഴുകുന്ന..........

മുക്കുറ്റി പടർപ്പുള്ളൊരു നാട്ടിൽ

അവിടെയുണ്ടാകണം........

സ്നേഹം പഠിച്ചവർ ,സഹനം പഠിച്ചവർ

മോഷണം മറന്നവർ,ചൂഷണം വെറുത്തവർ

കൈക്കോട്ട് കണ്ടവരാകണം രക്തബന്ധങ്ങളെ

തൊട്ടറിയുന്നവരാകണം

ദൈവമോ മാടന്നോ മറുതയോ പാടില്ല

കൂരിരുട്ടിൽ പോലും വെളിച്ചമുണ്ടാകണം

സ്ത്രീയുടെ ചൈതന്യമൊട്ടാകെ പോകാതെ

കാത്തുസൂക്ഷിക്കുന്ന പുരുഷരുണ്ടാകണം

മനുഷ്യൻ മനുഷ്യനെ ആദരിച്ചീടണം

മുതലാളി വർഗങ്ങളൊട്ടാകെ നശിക്കണം

ദാഹിച്ചു കരയുന്ന കുഞ്ഞിന്റെ വായിലോ

ഫ്രൂട്ടിയല്ല ഇളനീരൊഴുകണം

ആന്തൂറിയത്തിന്റെ കടയോട് പറിച്ചിട്ട്

തുമ്പയും തെച്ചിയും നട്ടുവളർത്തണം

കൂട്ടിലെ കിളികളെ തുറന്നു വിട്ടീടണം

കാട്ടിലെ കാക്കയ്ക്കു വറ്റെറിഞ്ഞീടണം

കൊയണം മെതിക്കണം നെന്മണിപാടത്ത്

പാട്ടുപാടീടണം..........

ആകെ വിയർക്കണം

ആരോ പണിതിട്ട കുഞ്ഞു കുളത്തില്

തുടിച്ചു കുളിക്കണം

ഈറനോ മാറണം

അല്ലലറിയണം അതിനെ മറക്കണം

ആനന്ദമെങ്ങും അലയടിച്ചീടണം

മമ്മട്ടി കൊണ്ടോരോ മണ്ണു വെട്ടീടുമ്പോൾ

മണ്ണിരക്കൂട്ടങ്ങൾ തലപൊക്കിയോടണം

തുളസിതഴുതാമ നീലക്കൊടുവേലി

മന്ദാരമങ്ങനെ ഉദ്യാനമാകണം.........

ഇക്കണ്ടപാപികൾക്കിടയിലല്ലോ പാപിയായ്

അന്ത്യശ്വാസം വരെ നിലകൊള്ളുവാനെങ്കിലെത്രയും

വേഗമീ ദേഹം ദഹിക്കയ്ട്ടെ

അതുമാത്രമാണിനിയുള്ളൊരു പോംവഴി

– പൂജ കെ എസ്

8 ബി

# മഴ

ഈ പുണ്യ മണ്ണിൽ ഇറ്റിറ്റുവീഴുന്ന

പുണ്യമാം തുള്ളികൾ മിഴി ചിമ്മി

മേഘങ്ങൾക്കിടയിൽ നിന്ന്

പെയ്തൊഴുകുന്ന കണ്ണീർ

പാളികൾക്കെന്തു പറ്റി?

ഈ നൊമ്പരകാരണമെന്തെന്നറിയുവാൻ

കിടാങ്ങൾക്കുമെന്നൊരുത് കണ്ഠ !



-അമീഷ എൻ ബി

8 ബി

# സൗഹൃദം



സൗഹൃദകൂട്ടിൽ ഉല്ലസിച്ചാടുമീ
ജീവിതവീഥി കടന്നുപോയി
ഒന്നിച്ചുമേതിനെയും തുരത്തീടുമീ
സൗഹൃദശക്തിതൻ കാഠിന്യമായ്
കൂട്ടായ് നടന്നു രസിച്ചോരീ കാലം
എന്നുമെന്നുള്ളിലായ് കൂട്ടിവെയ്ക്കാം
എന്നും എപ്പോഴും ഓർത്തുചിരിക്കാനായ്
ഒത്തിരിയൊത്തിരി ഓർമ്മകൾ മാത്രം!
സൗഹൃദമെന്ന നാലക്ഷരത്തിന്നർത്ഥ-
മെന്തെന്നറിയുമോ ഓർക്കുകിൽ നാം
ആദൃശ്യമായി നടക്കുന്നവർക്കതു
ബാഹ്യപ്രദർശനവാക്കു മാത്രം
ആത്മസൗഹൃദകടലിൻ തിരകൾ
എത്രയെണ്ണിയാലും തീരുകില്ല
നീണ്ടുനിവർന്നൊരു ചാലുപോലെയതു
നീണ്ടു നിവർന്നു കിടക്കും
ഒരു അറ്റമില്ലാത്ത കണ്ണിപ്പോലെയതു
പൊട്ടിച്ചെറിയാൻ പ്രയാസം.

# പ്രപഞ്ചസത്യം

അമ്മയെന്ന വാക്ക് ഉച്ചരിച്ച നാവിൽ ആ
വാക്കിനർത്ഥഭംഗി മറ്റൊന്നിനുമായി
കാൺകയില്ല, ആദ്യമായാരോമൽ
കുഞ്ഞിന്റെ നാവിൽ ആദ്യ
മുച്ചരിച്ച വാക്ക് അമ്മയെന്ന വാക്ക്
അമ്മയെന്റെ ലോകം അമ്മയാണെൻ സ്‌നേഹം
എനിക്കിഷ്‌ടമുള്ള കൂട്ട് എന്നുമെന്റെ കൂട്ട്
ഞാനെന്ന പൂവിനെന്നോ ജീവനേകി ദൈവം
എന്നമ്മതന്നെയല്ലോ ആ അമ്മയാണെൻ ദൈവം
അമ്മയാണീ പാരിടത്തിലെന്നുമെന്റെ ദൈവം
ആ ദൈവത്തേക്കാൾ വലുതായി
എനിക്കാരുമില്ല പാരിൽ
മനുഷ്യനെന്നുമോർക്കുകയാം ദൈവമുണ്ടോ പാരിൽ
ഭഗവാനെ കൺകൾ കൊണ്ടു കാണാനൊക്കുകയോ വിണ്ണിൽ
ഒന്നോർക്കുകയാം മാനവർക്ക് ലഭ്യമാമൊരുത്തരം
ജീവനേകി പോറ്റിടുന്ന അമ്മയാണു ദൈവം

- അമിഷ എൻ ബി
8 ബി

# ലോകം

ലോകം മങ്ങി മറഞ്ഞിരിക്കും നേരം
മന്ദം മന്ദം എന്തോ ഓർമ്മയിൽ
വന്നു പോയ്.....
സൂക്ഷിക്കുക മകളെ!!

പച്ചിലത്താളിൽ ഇരിക്കുമീ
ഓന്തുതൻ വർണ്ണമാറ്റത്തിൻ
സാമ്യമല്ലോ നിന്റെ ലോകം

കണ്ണിൽ നോക്കി സ്നേഹിച്ച
മനുഷ്യൻ നിന്നെ
നെഞ്ചിൽ നോക്കി
ദ്വേഷിക്കും നേരം!
അറിയുക!
കണ്ണീരിൽ നനഞ്ഞ കുരുന്നുകൾ തൻ
ലോകം!

മാസ് ക്ലിക്കുകളും
ടെച്ചു സ്ക്രീനുകളും
ആസ്വദിക്കും നേരം!
തേങ്ങൽ തൻ മാറിൽ അമർന്നു

കിടക്കുന്ന സഖേയരുണ്ടെന്നതോർക്കുക നീ......

കണ്ടും ,കൊണ്ടും, കേട്ടും പഠിക്കുമീ ലോകം.

കാണാതേ ,കേൾക്കാതേ,അറിയാതേ

ജീവിതം ധൂർത്തടിച്ചു.

അനുഭവമില്ലാതേ  ജീവിതം നീക്കുമ്പോൾ

അനുഭവം പേറി നടക്കും

പഴമതൻ ലോകം ഉണ്ടെന്നതറിയുക നീ!

രാഷ്ട്രീയം, വർഗ്ഗീയം

എന്നീ കയങ്ങളും മറികടന്നെത്തുന്ന

ലോകമുണ്ട്.


നീതിക്കുവേണ്ടി നിലക്കൊള്ളും

ചേതന ദാനമായി നൽകുന്നവർ

ധീരസാക്ഷി.....

# എന്റെ മുത്തച്ഛൻ

മെലിഞ്ഞതും ചുളിഞ്ഞതുമായ ശരീരവും വട്ടകണ്ണാടിയും വച്ച് ഒരു കട്ടൻചായയും ദിനപത്രവുമായി ചാരുകസേരയിൽ ഇരുന്ന് പത്രം വായിക്കുന്ന എന്റെ മുത്തച്ഛൻ എനിക്ക് സ്ഥിരം കാഴ്ചയാണ്. എന്നാൽ പാത്രവായനയ്ക്കിടയിൽ എന്നും മുത്തച്ഛന്റെ കണ്ണുകൾ നിറയുന്നത് ഞാൻ ശ്രദ്ധിക്കാറുണ്ട്. ഒരു ദിവസം ഞാൻ മുത്തച്ഛനോട് കാര്യം തിരക്കി. അപ്പോൾ മുത്തച്ഛൻ പറഞ്ഞു: "കുട്ടാ, നീ ഈ പത്രം നോക്കൂ. എവിടെ നോക്കിയാലും വെട്ടും കുത്തും കൊലയും




അപകടങ്ങളും മാത്രം. എല്ലാറ്റിന്റേയും പുറകെ നടക്കുന്ന കുറേ മാധ്യമ പ്രവർത്തകരും. ഇതിലൂടെയെല്ലാം എത്ര ജീവനുകളാണ് നഷ്ടപ്പെടുന്നത്? ഇതുമൂലം എത്ര കുടുംബങ്ങളാണ് വിഷമിക്കുന്നത്. ഏറ്റവും അവസാനം നഷ്ടപരിഹാരം കൊടുത്താൽ നഷ്ടപ്പെട്ട ജീവന് പകരമാകുമോ? ഇതിനെല്ലാം നമ്മൾ സാധാരണക്കാർ മാത്രം ഒരുമിച്ച് നിന്നാൽ മതി." ഇത്രയും കേട്ട ഞാൻ ചോദിച്ചു: " അല്ല മുത്തച്ഛാ, ഇതെല്ലാം മുത്തച്ഛൻ മാത്രം വിചാരിച്ചാൽ സാധിക്കുമോ?" എന്റെ ഈ ചോദ്യം കേട്ട മുത്തച്ഛൻ

ഒന്ന് പുഞ്ചിരിച്ചു. അന്നേരം എനിക്ക് കാര്യമായൊന്നും മനസ്സിലായില്ല. രാത്രി എങ്ങനെ കിടന്നിട്ടും എനിക്ക് ഉറക്കം വന്നില്ല. അപ്പോൾ ഞാൻ മുത്തച്ഛന്റെ വാക്കുകളെ ആഴത്തിൽ ചിന്തിച്ചു. അപ്പോൾ തന്നെ ഞാൻ ഒരു ദൃഢനിശ്ചയം ചെയ്തു. എന്റെ ജീവിതം, ഇനി എന്റെ നാടിനുവേണ്ടിയുള്ളതാണ്. ഇന്നത്തെ തലമുറ എന്റെ കൂടെ നിൽക്കുമെന്ന വിശ്വാസത്തോടെ ഞാൻ അന്ന് ഉറങ്ങി.

അങ്ങ് ദൂരെ മല മുകളിൽ സൂര്യൻ ഉദിച്ചു. അതിരാവിലെ തന്നെ ഞാൻ എഴുന്നേറ്റു. ഇന്നത്തെ നാടിനെയും പഴയ നാടിനെയും കുറിച്ച് ഏറ്റവും കൂടതൽ അറിവുള്ളത് എന്റെ മുത്തച്ഛനാണെന്ന് എനിക്ക് അറിയാമായിരുന്നു. അതുകൊണ്ട് മുത്തച്ഛനുമായി ഒന്ന് പുറത്തിറങ്ങാമെന്ന് കരുതി ഞാൻ ഉമ്മറത്തെത്തി. അപ്പോഴാണ് ഞാൻ ആ കാഴ്ച കണ്ടത്. അന്ന് രാവിലെ നനഞ്ഞത് എന്റെ കണ്ണുകളായിരുന്നു. മാറാതിരുന്ന ഈ നാട് ഇനി മാറുമോ എന്നറിയാതെ ആ പ്രതീക്ഷകൾ തൻ നാളം അണഞ്ഞിരിക്കുന്നു.

# അമ്മയുടെ സ്നേഹം

അനു നല്ല മിടുക്കി കുട്ടിയാണ്. അവൾ നന്നായി പഠിക്കും. ക്ലാസ്സിൽ ഒന്നാം റാങ്കാണ് അവൾക്ക്. അവൾ ആറാം ക്ലാസ്സിലാണ് പഠിക്കുന്നത്. ടീച്ചർമാർക്കെല്ലാം അവളെ ഭയങ്കര ഇഷ്ടമാണ്. അവൾക്ക് ഒരു അനിയനുണ്ട്, അച്ചു. അവൻ കുസൃതിക്കുട്ടനാണ്. എന്നാലും തന്റെ ചേച്ചി വളരെ ഇഷ്ടമാണ് അച്ചുവിന്. അമ്മ വളരെ കഷ്ടപ്പെട്ടാണ് തന്റെ മക്കളെ പോറ്റിവളർത്തുന്നത്. അച്ഛൻ മുഴുമദ്യപാനിയാണ്. എന്നും കള്ള് കുടിച്ചാണ് വീട്ടിലെത്തുന്നത്. മാത്രമല്ല, എന്നും രാത്രി അവളുടെ അമ്മയെ ചീത്തവിളിയും തല്ലുമാണ്. അവൾക്ക് അച്ഛനെ ഇഷ്ടമാണ്. അമ്മയെ തല്ലുന്നത് കണ്ട് അച്ഛനെ അവൾക്ക് ഇഷ്ടമില്ലാതായി. അവൾക്ക് അച്ഛനെ പേടിയായി തുടങ്ങി. അമ്മ അവളോട് എപ്പോഴും പറയും അച്ഛന്റെ കാര്യമൊന്നും നീ നോക്കണ്ട. നീ നിന്റെ പഠിപ്പിൽ മാത്രം ശ്രദ്ധിക്കണം. അവൾ തന്റെ അനുജനെയും പഠിപ്പിക്കും. പിന്നെ ക്ലാസ്സിൽ പോയപ്പോൾ ചില കുട്ടികൾ അനുവിനെ കളിയാക്കി, അയ്യേ, നിന്റെ അച്ഛൻ കള്ളുകുടിയാനാണല്ലേ... അപ്പോൾ അവൾക്ക് ദേഷ്യം വരും. എന്നിട്ട് വീട്ടിൽ ചെന്ന് അമ്മയോട് പറഞ്ഞിട്ട് കരയും.

ഒരു ദിവസം സ്കൂളിൽ പോയപ്പോൾ അവളുടെ കൂട്ടുകാരിയുടെ കൈയിൽ ഒരു നല്ല സ്കൂൾ ബാഗ് കണ്ടു. അവൾ കൂട്ടുകാരിയോട് ചോദിച്ചു. ഇത് എവിടെ നിന്നാണ് വാങ്ങിയത്? എത്ര രൂപയാണ് എന്ന്. 395/- രൂപയാണ്. അവൾ സ്കൂൾ വിട്ട് വീട്ടിലെത്തി



അമ്മയോട് പറഞ്ഞു. "എന്റെ കൂട്ടുകാരിയുടെ കൈയിൽ നല്ല ബാഗുണ്ട്. എനിക്കും ഒരു ബാഗ് വാങ്ങിത്തരുമോ?" അമ്മ പറഞ്ഞു - നല്ല വിലയല്ലേ? ഇല്ലില്ല അമ്മേ. അങ്ങനെ അമ്മ ആ ബാഗ് അവൾക്ക് വാങ്ങിച്ചുകൊടുത്തു. പിന്നെയും കൂട്ടുകാരുടെ കൈയിൽ കണ്ട സാധനങ്ങൾ അമ്മയോട്

വാങ്ങിത്തരാൻ പറഞ്ഞു. അമ്മ പറഞ്ഞു കാശില്ല മോളേ, പലരുടെയും കൈയിൽ പലതുമുണ്ടാകും. എല്ലാം വാങ്ങിത്തരാൻ അമ്മക്ക് കഴിവില്ല എന്ന്. അനു പറഞ്ഞു- അമ്മക്ക് എന്നോടു ഇഷ്ടമില്ല. അമ്മയെന്താണിങ്ങനെ; ഇതും പറഞ്ഞ് അവൾ ഒന്നും കഴിക്കാതെ കിടന്നുറങ്ങി. രാവിലെ സ്കൂളിൽ പോകുമ്പോഴും അമ്മയോട് മിണ്ടിയില്ല. അങ്ങനെ സ്കൂൾ വിട്ട് വരുമ്പോഴാണ് അമ്മ വേറെ വീട്ടിൽ നിൽക്കുന്നത് കണ്ടത്. അവൾ ശരിക്കും ശ്രദ്ധിച്ചു നോക്കി - അമ്മ തന്നെ. അമ്മ നിലം തുടയ്ക്കുകയാണ്. അവൾ വീട്ടിലെത്തി നോക്കിയപ്പോൾ അമ്മ വീട്ടിൽ എത്തിയിട്ടില്ല. അമ്മ വന്നു. അവൾ ചോദിച്ചു: "അമ്മ എവിടെയായിരുന്നു" ഞാൻ കടയിൽ പോയി നേരം വൈകി. ഹാവൂ! എന്റെ മോൾ മിണ്ടിയല്ലോ...

നീ ഇന്നലെ പറഞ്ഞ സാധനങ്ങൾ ഞാൻ വാങ്ങിയിട്ടുണ്ട്. പോയി എടുത്തോ... അവൾ കരഞ്ഞു. അമ്മയെ കെട്ടിപ്പിടിച്ചു. അമ്മയ്ക്ക് എന്നോട് ഇത്രയും സ്നേഹമാണല്ലേ. ഞാൻ ചെയ്തതും, പറഞ്ഞതും എല്ലാം അമ്മ ക്ഷമിക്കണം. അമ്മ മറ്റുള്ളവരുടെ വീട്ടിൽ ജോലി ചെയ്താണ് ഞങ്ങളെ നോക്കുന്നത് എന്ന് ഞാൻ അറിഞ്ഞില്ല. അമ്മ എന്നോട് ക്ഷമിക്കണം. ഇനി അമ്മയുടെ സ്നേഹം ഞാൻ ഒരിക്കലും മറക്കില്ല. ഞാൻ പഠിക്കും, ഇനി അമ്മയ്ക്ക് വീട്ടുജോലിക്ക് പോകാൻ ഞാൻ അനുവദിക്കില്ല.

അമ്മയുടെ ലക്ഷ്യം എന്നിലാണ്. അമ്മയുടെ ലക്ഷ്യത്തിൽ തന്നെ ഞാൻ എത്തിച്ചേരും. ഇനി എന്റെ ലക്ഷ്യം അതു മാത്രമാണ്. ആ ലക്ഷ്യം ഞാൻ നേടിയിരിക്കും. അമ്മ എത്ര കഠിനധ്വാനം കൊണ്ടാണ് ഞങ്ങളെ നോക്കിയത്. അതു പോലെ തന്നെ കഠിനധ്വാനം കൊണ്ട് ഞാൻ അമ്മയുടെ ലക്ഷ്യത്തിലെത്തും. ഇനി ഞാൻ അമ്മയുടെ സ്നേഹത്തിന് വില പറയില്ല.

അങ്ങനെ അവൾ വളർന്ന് ഒരു ഡോക്ടറായി. അവൾ ഉയരങ്ങൾ കീഴടക്കി.

- സ്നേഹ കെ വി

8 ബി

# ആ നിമിഷം

വളരെ സന്തോഷത്തോടെയാണ് ആ പ്രഭാതം കടന്നുവന്നത്. മധുരാവിലെ തന്നെ ഫാമിലേക്ക് പോയി. തന്റെ പണികൾ ആരംഭിച്ചു കഴിഞ്ഞിരുന്നു. അമ്മിണി, കിങ്ങിണി എന്നീ പശുക്കളും മറ്റ ചില മൃഗങ്ങളും മാത്രമായിരുന്നു മധുവിന്റെ കുടുംബാംഗങ്ങൾ. അവരെയെല്ലാം മേയ്ക്കാൻ കൊണ്ടു പോകുന്നതും അവരോടൊപ്പം കളിക്കുന്നതുമെല്ലാം അവൻ തന്നെയാണ്. അമ്മിണിയെയാണ് തന്നെ രാവിലെ വിളിക്കേണ്ട ജോലി ഏൽപിച്ചിരിക്കുന്നത്. അത് അവൾ കൃത്യമായി പാലിക്കുകയും ചെയ്യും. അങ്ങനെ പതിവു കാര്യങ്ങളെല്ലാം തകൃതിതിമൃതിയായി കഴിഞ്ഞുപോയി. മധു തന്റെ സുഹൃത്തുക്കളെയും കൊണ്ട് പുഴകരയിലേക്കു പോയി. അവിെട ആകുമ്പോൾ വെള്ളവും പുല്ലുമെല്ലാം ആവസ്യത്തിനപ്പുറം ഉണ്ടല്ലോ!!... ഒന്നൊന്നര മണിക്കൂർ കഴിയാറായപ്പോൾ മധുവും കൂട്ടരും തിരിച്ച് വീട്ടിലെത്തി. അവർക്കാവശ്യമുള്ളതെല്ലാം കൊടുത്ത് മധു വിശ്രമിക്കാൻ വീട്ടിലേക്ക് പോയി. അപ്പോഴേക്കും വൈകീട്ട് 6 മണിയായിക്കാണും. പെട്ടെന്ന് ഒരു ഇരമ്പലും മറ്റും കേട്ടാണ് മധു നിദ്രയിൽ നിന്ന് ഉണർന്നത്. പുറത്തു വന്നു നോക്കിയപ്പോൾ മഴ നല്ല മത്സരബുദ്ധിയോടുകൂടി പെയ്യുന്നുണ്ടായിരുന്നു. വിളക്കു തെളിച്ചുനോക്കിയപ്പോൾ പുഴ കരകവിഞ്ഞൊഴുകുമെന്ന ലക്ഷണമുണ്ടെന്നു തോന്നി. ആ മഴ തന്നെ ചതിക്കുമെന്ന് മധു തീരെ കരുതിയിരുന്നില്ല. പിറ്റേന്നു രാവിലെ മുറ്റത്തേക്കിറങ്ങിയപ്പോൾ തന്റെ മുട്ടിനേക്കാളുയരത്തിൽ അതാ വെള്ളം... മധു ഓടിച്ചെന്ന് ഫാമിലെ എല്ലാ മൃഗങ്ങളെയും അഴിച്ചുവിട്ടു. എന്തോ ഭാഗ്യത്തിന് ഫാമിൽ വെള്ളം

കയറിയിരുന്നില്ല. പറഞ്ഞിട്ടെന്താ കാര്യം? അവയ്ക്കെങ്ങനെ രക്ഷപ്പെടാനാവും? അധികം വൈകാതെ അയല്പക്കക്കാരന്റെ വീട്ടിലേക്കു മാറേണ്ട അവസ്ഥയായി മധുവിന്. അവൻ തന്റെ കൂട്ടാളികളെയും കൂടെ കരുതിയിരുന്നു. അവിടത്തെ അബ്ദു പറഞ്ഞു: “അതെ, ഞാൻ വിളിച്ചു പറഞ്ഞിരിക്കണ്. ഉച്ച്യാവുമ്പോഴേക്കും വള്ളം വരും. മ്മക്ക് അയ്ല് കയറി പൂവാട്ടാ...” മധു വിഷമത്തോടെ തന്റെ കൂട്ടാളികളെ നോക്കി കരഞ്ഞു. ഉച്ചയാവുമ്പോഴേക്കും അബ്ദു പറഞ്ഞ വള്ളം വന്നു. അവർ കയറി കുറച്ചു ദൂരം ചെന്നപ്പോഴേക്കും അബ്ദുവിന്റെ വീടിന്റെ മുറ്റത്തോളം പുഴ എത്തി. അമ്മിണി തളർന്നവശയെ പോലെ താഴെ കിടന്നു. കിങ്ങിണി തന്റെ സ്നേഹം പ്രകടിപ്പിച്ചു കൊണ്ടേയിരുന്നു. മറ്റുള്ളവർ ചുറ്റും ഉണ്ടായിരുന്നു. അന്നു രാത്രി മധുവിന് ഉറങ്ങാൻ കഴിഞ്ഞില്ല. അവരെ ഒന്നു രക്ഷിക്കാൻ തനിക്കായില്ലല്ലോ എന്ന കുറ്റബോധം കൊണ്ടായിരിക്കാം അത്... ആ നിമിഷം അവന്റെ കണ്ണിൽ ഒരു പ്രളയെ സൃഷ്ടിച്ചു കൊണ്ടേയിരുന്നു.

- ഹെപ്സിബാ മനോജ്

9 ഇ

# മഴവെള്ളസംഭരണത്തിന്റെ പ്രാധാന്യം

ഭൂമിയിൽ ജീവന്റെ നിലനിൽപ്പിന് ചില അടിസ്ഥാന വസ്തുതകൾ ഉണ്ട്. അതിലൊന്ന് മഴയാണ്. കേരളത്തെ 'മഴയുടെ സമൃദ്ധിയിൽ പുഞ്ചിരിക്കുന്ന നാട്' എന്ന് വിശേഷിപ്പിച്ചാൽ അധികമാവില്ല. ഭാരതത്തിൽ ഏറ്റവും കൂടുതൽ മഴ ലഭിക്കുന്ന സ്ഥലവും കേരളം തന്നെ.



കേരളത്തിൽ പ്രതിശീർഷം ശരാശരി 3055 മില്ലി മീറ്ററോളം മഴ ലഭിക്കുന്നു. മഴ ഇങ്ങനെ സമൃദ്ധമായി പെയ്തിറങ്ങുന്നുവെങ്കിലും ആളോഹരി കുടിവെള്ളത്തിന്റെ ക്ഷാമവും വരൾച്ചയും കൃഷിനാശവും നിത്യസംഭവമാണ്.

കേരളത്തിന് വരദാനമായി ലഭിച്ചത് 44 നദികളാണ്. ഇവ മലിനമാക്കുന്നതാണ് പ്രധാനമായി ജലക്ഷാമത്തിനായി ചൂണ്ടിക്കാണിക്കുന്നത്. ഇത് പരിഹരിക്കുന്നതിനായുള്ള ഒരു വഴിയാണ് മഴവെള്ളസംഭരണി. ഇത് സംഭരിക്കുവാൻ നിരവധി വഴികളുണ്ട്.

പറമ്പുകളിൽ സസ്യജാലങ്ങൾ വളർത്തുക, കല്ലുകൊണ്ടോ മണ്ണുകൊണ്ടോ കയ്യാലകൾ തീർക്കുക, തടയണകൾ നിർമിക്കുക ഇവയെല്ലാം മഴവെള്ള സംഭരണത്തിനു സഹായിക്കുന്ന ഘടകങ്ങളാണ്. മഴ വെള്ളം ശുദ്ധമായാൽ കുടിവെള്ളമാണ്. തുറസ്സായ സ്ഥലത്ത് നിന്നു വേണം അവ സംഭരിക്കുവാൻ. ഈ മുദ്രാവാക്യം മനസ്സിൽ എഴുതിച്ചേർത്ത് വയ്ക്കുക.

“ മഴയിലെങ്കിൽ പുഴയില്ല
പുഴയിലെങ്കിൽ പൂഴിയില്ല
മഴ മനുഷ്യനു കൃപാവരം
മഴ പ്രകൃതിയുടെ സുകൃതം "

- ആദിത്യ.കെ.എ
9 ഇ



# ഫാസിസം...

ഫാസിസം; സംസ്കൃത മാനവരാശിയോളം പഴക്കമുണ്ട് ഈ വാക്കിന്. സ്വന്തം ആശയങ്ങൾ മറ്റൊരാൾക്ക് മേൽ നിർബന്ധപൂർവ്വം അടിച്ചേൽപ്പിക്കുക എന്ന് ലളിതമായി ഇതിന് അർത്ഥം പറയാം.

1922 മുതൽ ഇറ്റലിയുടെ സർവ്വാതിപതിയായിരുന്ന മുസോളിനിയിൽ നിന്നാണ് ലോകത്തിന് ഫാസിസം എന്ന വാക്ക് ലഭിച്ചത്.

മുസോളിനിയുടെ വിവിധ രൂപങ്ങൾ ലോകമെമ്പാടും അന്നും ഇന്നും നമുക്ക് കാണാൻ സാധിക്കും; അത് ഭരണകൂടഭീകരതയുടെ രൂപത്തിലാകാം, മതത്തിന്റെ പേരിലാകാം, വംശീയതയുടെ പേരിലാകാം, സ്വന്തം സ്വാർത്ഥതാൽപര്യങ്ങളുടെ പേരിലുമാകാം. ഏതു വിധത്തിലായാലും തീർത്തും ഭീകരവും മനുഷ്യത്വരഹിതവുമാണ്. ഈ ലോകവിപതിനെ 'സ്വാർത്ഥത' എന്ന ഒറ്റ വാക്കിൽ നിർവചിക്കാം.

മനുഷ്യൻ പരസ്പരം നൽകിയിട്ടുള്ള എല്ലാ അധിനിവേശങ്ങളും അടിച്ചമർത്തലുകളും യുദ്ധങ്ങളും ഇതിന് തികഞ്ഞ ഉദാഹരണങ്ങളാണ്. ലോകം കണ്ട രണ്ട് ലോകമഹായുദ്ധങ്ങൾ ഫാസിസത്തിന്റെ ഏറ്റവും ഭീമാകാരമായ ഉദാരണങ്ങളാണ്. ആ രക്തത്തിൽ നിന്നും ചാരത്തിൽ നിന്നും ഉയർത്തെഴുന്നേറ്റ മനുഷ്യകുലം തന്റെ ഏറ്റവും വലിയ ശത്രു എന്താണെന്ന് തിരിച്ചറിഞ്ഞിരുന്നു. അതിനു ശേഷം ലോകം കൂടുതൽ സംശ്രുദ്ധീകരിക്കപ്പെടുകയാണ് ചെയ്തത്. ലോകം കൂടുതൽ മോശമായിക്കൊണ്ടിരിയ്ക്കയാണെന്ന വാദഗതി ശരിയല്ല. എന്നാൽ ആ വിഷസർപ്പം എപ്പോഴും ആരേയും ആക്രമിക്കാം.

അനുഭവങ്ങളുടെ പിൻബലമോ സ്നേഹത്തിന്റെ ആഴമോ സത്യം തിരിച്ചറിയാനുള്ള അവസരമോ ലഭിക്കാത്ത തലമുറകളിൽ

ഫാസിസ്റ്റ്  ചിന്താഗതികൾ നുഴഞ്ഞ് കയറുന്നു. അത് ലോകത്തെ എല്ലായിടത്തും കാണുന്നതുപോലെ നമ്മുടെ രാജ്യത്തും പലപ്പോഴും അവ തല പൊക്കുന്നു. വിവിധ ഭരണകൂടങ്ങളുടെയും വിവിധ മതവികാരങ്ങളുടെയും രൂപത്തിൽ നമ്മളത് കണ്ടിട്ടുള്ളതാണ്. അടിച്ചേൽപ്പിക്കലുകൾക്ക് മിനുക്കിയ മുഖം നൽകാൻ നേരമായിരിക്കുന്നു. ആലങ്കാരികഭാഷയിൽ; കഠിന ശാഠ്യങ്ങളുടെ കുലീനാവിഷ്കാരമാണത് എന്ന് പറയാം. പക്ഷേ അവയ്ക്കെല്ലാം ഇവിടെ അല്പായിസ്സാണ്. നാമത് കണ്ടിട്ടുള്ളതാണ്. ഇനിയും അതു തന്നെ സംഭവിക്കും. പുച്ഛത്തോടെ നാം അത് തള്ളിക്കളയും. കാരണം; നൂറ്റാണ്ടുകളിലൂടെ അനേകം പരീക്ഷണങ്ങൾ അതിജീവിച്ച്, മന്ദഹസിച്ച് നിൽക്കുന്ന ഭാരതഭൂമിയാണ്. ഭീകര നാസിസ്റ്റ്/ മാസിസ്റ്റ് ശക്തികൾ ആയിരത്തോളം വർഷം നമ്മെ അടിമകളാക്കി നമ്മുടെ സമ്പത്തുകൾ കവർന്നെടുത്തു. എന്നിട്ടും നാം നശിച്ചില്ല. മുന്നോട്ടു തന്നെ കുതിക്കുന്നു.



സ്വാമി വിവേകാനന്ദൻ പറഞ്ഞതു പോലെ നൂറു തവണ മോഷ്ടിക്കപ്പെട്ടാലും പരാജയപ്പെടാത്ത ധനികരാണ് നാം. കാരണം മോഷ്ടിക്കാൻ കഴിയാത്ത അമൂല്യനിധികൾ ഇവിടെ മറഞ്ഞു കിടക്കുന്നു. അതിനാൽ ഫാസിസ്റ്റ് ശക്തികൾ ഇവിടെ അല്പായുസ്സികളാണ്. ഈ പൗരാണിക ഭൂമി എന്നും യുവതലമുറയുടെ കൂടെയായിരുന്നു.

ഫാസിസം പോലുള്ള ദുഷ്ടശക്തികളെ ഉൻമൂലനം ചെയ്യുന്ന മാത്രമല്ല ലോകത്തിന് വഴികാട്ടേണ്ടവരാണ് നാം എന്ന് പറഞ്ഞ് നമ്മുടെ പൂർവ്വികരേയും ഋഷിവര്യന്മാരേയും ശരിവച്ചവരായിരുന്നു ആൽബർട്ട് ഐൻസ്റ്റീനും മഹാനായ മാക്സ് മുള്ളറും ഒക്കെത്തന്നെ. ഇപ്പോൾ, ആ യുവതലമുറ നാമോരോരുത്തരുമാണ്.

മറ്റുള്ളവർക്ക് മാതൃകയാവാൻ, അനീതിയ്ക്കും അസഹിഷ്ണുതയ്ക്കും എതിരെ പോരാടാൻ യഥാർഥ മാറ്റം നമ്മുടെ ഉള്ളിൽ നിന്നും ആരംഭിയ്ക്കും. നമ്മുടെ പ്രതിജ്ഞകൾ ഇവിടെ ഏകീകരിക്കപ്പെടട്ടെ.

- കൃഷ്ണവേണി എം
9 എ

# കടംകഥകൾ

- ശീശീ ശൂശൂ രണ്ടോച്ച എടുത്തു നോക്കി നൂറോട്ട – **ദോശ**
- വെള്ളക്കാളയെ മാറ്റിക്കെട്ടി, ചുവന്ന കാളയെ കൂട്ടിക്കെട്ടി - **തീ കൂട്ടുക**
- വെള്ളക്കാളയ്ക്ക് നെറുകയിൽ കൊമ്പ് - **നിലവിളക്ക്**
- അവിടെ പോയി ഇവിടെ പോയി പിന്നെ മുക്കിലെളിച്ചു - **ചൂൽ**
- വേരില്ല തടിയില്ല കൊമ്പില്ല ഇലയില്ല പൂമരം - **നക്ഷത്രങ്ങളുള്ള ആകാശം**
- വെളുത്ത സായിപ്പിന് കറുത്ത തൊപ്പി - **തീപ്പെട്ടിക്കൊള്ളി**
- കുളിക്കാൻ പോയപ്പോൾ ഒടിഞ്ഞുമടങ്ങി കുളിച്ചു വന്നപ്പോൾ ചുറുചുറുക്ക് - **പപ്പടം**
- മുക്കണ്ണൻ ചന്തയ്ക്ക് പോയി - **തേങ്ങ**
- വില്ലാണ് പക്ഷേ ഞാണില്ല കെട്ടാൻ അമ്പല്ല പെയ്യുന്നത് ഒരായിരം തുള്ളി - **മഴവില്ല്**
- കടലിൽ മുങ്ങി പൊന്നിൻ കിണ്ണം - **സൂര്യൻ**
- കണ്ടാൽ തീവണ്ടി തൊട്ടാൽ ചക്രം - **തേരട്ട**

# പഴഞ്ചൊല്ലുകൾ


- ഐക്യമത്യം മഹാബലം
- ഒത്തുപിടിച്ചാൽ മലയും പോരും
- മടിയിൽ മല ചുമക്കും
- അണ്ണാറക്കണ്ണനും തന്നാലായത്
- അക്കരെ നിന്നാൽ ഇക്കരെ പച്ച
- ഇരിക്കും കൊമ്പ് വെട്ടരുത്
- ചൊട്ടയിലെ ശീലം ചുടല വരെ
- ആറ്റിൽ കളഞ്ഞാലും അളന്നു കളയണം
- അമ്മയ്ക്ക് പ്രാണവേദന മോൾക്ക് വീണ വായന
- പുത്തനച്ചി പുരപ്പുരം തൂക്കും
- ഇനാമ്പേച്ചിക്ക് മരപ്പട്ടി കൂട്ട്
- കഥയിൽ ചോദ്യമില്ല
- ആറിയ കഞ്ഞി പഴങ്കഞ്ഞി
- കാണം വിറ്റും ഓണം ഉണ്ണണം
- സമ്പത്തു കാലത്ത് തൈ പത്തുവെച്ചാൽ ആപത്തു കാലത്ത് കാപത്തു തിന്നാം
- പയ്യെ തിന്നാൽ പനയും തിന്നാം

# HOW DO EMOTIONS HARM YOUR BODY?



Anger weakens your


Liver





Grief weakens your


Lungs





Worry weakens your


Stomach






Stress weakens your

Heart and Brain








Fear weakens your

Kidney



# EGG NUTRITION VALUE



| Yolk | White |
|---|---|
| Fat – 4.5 g | Fat – 0 |
| Sat. Fat – 1.6 g | Sat. Fat - 0 |
| Cholesterol – 184 mg | Cholesterol – 0 |
| Carbohydrates – 0.5 g | Carbohydrates – 0 |
| Protein – 2.5 g | Protein – 4 g |

# NATURAL TREATMENTS

## COLD AND SORE THROAT



Mix 2 teaspoon of honey with equal quantity of ginger juice. The beverage helps of ginger juice. The beverage helps to remove mucus, providing relief for the common cold cough and sore throat.

## MIGRAINE




Eating an apple on an empty stomach in the morning relieves migraine pain. This must be done fore a few mornings.

## HEAD ACHE



Head ache caused by summer heat is cured by consuming watermelon juice just one glass a day works wonders.

## ACNE & BLACK HEADS



Grated cucumber applied over the face, eyes and neck for 15 minutes is very beneficial for acne and black heads.

# ABOUT YOUR TONGUE



Light Pink

Healthy tongue colour

Yellow

Stomach or liver problems

White

Dehydration fungal infection flu

Brown coating

Lung issues

Gray coating

Gastritis pepticulker

Bright red

Heart disorder

Blood diseases

# ENDANGERED ANIMALS AND BIRDS

GIBBONS



Gibbons are big in the men's monkey. There monkeys are also called 'Circus monkeys' in the forest. There hands are longer than their legs which helps them move to from one tree to another tree. Gibbons hands are helped for speedy running

SIA MANG



Siamang have lot of similarities with gibbons. Now Siamangs are considered as endangered species. They can grow up to three feet and they can make loud noice. Its colour is black. These type of Siamanges seen in the forests of Indonesia.

CALIFORNIA CONDOR



A native to North America. California Condor is one of the largest living flying bird. It is one of the heaviest birds found in North America, weighting up to 14 kilogram. The Wings pan is about 2-9 centimetre.

INDIAN WHITE-RUMPED VULTURE




Lived in the Gangetic plains of India. This typical bird has an unfeathered head and neck. Very broad wings and short tail feathered a white ruff is seen on the neck. The body is black with silvery grey secondaries.

# If you care your health

If you care your brain

Sleep for 8 hour






If you care your stomach

Avoid cold food

If you care your Liver

Avoid excessive fatty food






If you care your Kidney

Drink less water at night

If you care your Lungs

Avoid Smoking



# WISDOM-AN UNIQUE FEATURE

Wisdom is the ability to know what is true or right, common sense or the collection of one's knowledge. The quality of having experience, knowledge and good judgement, the quality of being wise.

Wisdom of the head as well as wisdom of the heart are most saughter after rarities in the world. Both types of wisdom can be likened to super intelligence, whereas the wisdom of the head can be likened to super emotional intelligence guided by institutions. We cannot say which wisdom is better. Wisdom is ultimate possessions; either of the two types is sufficient to make the possessor contented and successful.



When God asked Soloman what blessings. He should shower on him, Soloman supplicated, “Give me wisdom and knowledge.” He is considered the wisest kings of all times. If the wisest king asked wisdom from God, there must be something unique about wisdom. Wisdom is the magic lamp of Aladdin. If you have it you have every thing. Wisdom actually is the ability to stay positive even in the most negative situations. If you have wisdom, you can achieve anything in life.

Successive is a highly elusive thing. But those with right efforts, right thoughts and right action catch the ever elusive snitch-like (Harry Potter's Quiddtch winning ball) golden ball of rather one must aim for acquiring the right thoughts. Once thoughts are right action and efforts automatically align

themselves accordingly. This is not a simple process! One really has to work very hard to get grail of wisdom. One must read a lot of books full of wisdom. There is no death of such books. Actually beginning of wisdom. Books actually are nothing but the recorded thoughts and experience of great wise men. So when we read book, we actually read the thoughts and ardueurly collected life experiences. Ones the thoughts become wise through readings, introspection pondering and reflection, One's actions become wiser and success for a truly wise man is a cinch. Cornish poet Clive Blake also gave opinion about wisdom in his poem “Wisdom in Triplicate”.

“Heading into Bethlehem
Three Wise men
In search of a stabe
Heading out of Bethlehem
Three Wise Turkeys
While they were still able”

Nowadays people cannot get this wisdom by lack of knowledge, reading,etc..... people are running problems to problems. These problems also indicates the lack of wisdom. Nowadays people have not have the ability to choose what right and what wrong. This leads to So many problems and other consequences. Nowadays social medias making people un useful and lack of knowledge. These all are hinting lack of wisdom. Being wiseful makes man perfect. Perfect man will make our country be perfect.



- Jinu P Manoj
9 A

# Extended hands of students in the time of flood











# നന്ദിയോടെ



## ശ്രീമതി ലീല സി കെ

അധ്യാപനജീവിതത്തിൽ നിന്നും വിരമിക്കുന്ന ഞങ്ങളുടെ പ്രിയപ്പെട്ട ടീച്ചർക്ക് ലിറ്റൽ കൈറ്റ്സ് അംഗങ്ങളുടെ സ്നേഹാശംസകൾ.




# നന്ദി.....